24.01.18

# പതിനാലാം കേരള നിയമസഭ -ഒൻപതാം സമ്മേളനം
# നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാചോദ്യം നമ്പർ.413

## കെ.എസ്.ആർ.ടി.സിയ്ക്ക് പ്രത്യേക പാക്കേജുകൾ

| | ചോദ്യം | മറുപടി |
|---|---|---|
| | ശ്രീ.പുരുഷൻ കടലുണ്ടി | ഡോ.റ്റി.തോമസ് ഐസക്ക്<br>(ബഹു.ധനകാര്യവും കയറും വകുപ്പ് മന്ത്രി ) |
| (എ) | പ്രതിസന്ധിയിലായ കെ.എസ്. ആർ.ടി.സിയെ മെച്ചപ്പെടുത്തുന്നതിനായി ധനവകുപ്പ് എന്തെങ്കിലും പ്രത്യേക പാക്കേജുകൾ പ്രഖ്യാപിച്ചിട്ടുണ്ടോ; | കെ.എസ്.ആർ.ടി.സിയുടെ പുനരുദ്ധാരണവുമായി ബന്ധപ്പെട്ട് പഠനം നടത്തിയ പ്രൊഫ.സുശീൽഖന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഗതാഗതവകുപ്പും കെ.എസ്.ആർ.ടി.സി.യും ധനകാര്യവകുപ്പുമായ് ചേർന്ന് ഒരു സമ്പൂർണ്ണ പുനരുദ്ധാരണ പദ്ധതി നടപ്പിലാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു. |
| (ബി) | ഏതൊക്കെ തരത്തിലുള്ള സഹായങ്ങളാണ് കെ.എസ്.ആർ. ടി.സിയ്ക്ക് സർക്കാർ ഇപ്പോൾ നൽകികൊണ്ടിരിക്കുന്നത് ; | കെ.എസ്.ആർ.ടി.സി.യ്ക്ക് ഈ സാമ്പത്തികവർഷം (2017-18) ഇതുവരെ പദ്ധതിയേതര വിഹിതമായി (ശമ്പളവും പെൻഷനും നൽകുന്നതിനായി) 690 കോടി രൂപയും കെ.എസ്.ആർ.ടി.സിയുടെ വർക്ക്ഷോപ്പ് നവീകരണം, അടിസ്ഥാന സൗകര്യ വികസനം, സമൂലമായ കംപ്യൂട്ടറൈസേഷൻ-ഇ.ഗവേണൻസ് നടപ്പാക്കൽ, ഡ്രൈവർ-ടെക്നിക്കൽ ഓഫീസർമാർ എന്നിവരുടെ പരിശീലനം,വാഹനവ്യൂഹങ്ങളുടെ നവീകരണം-ഗുണനിലവാരം എന്നിങ്ങനെ പദ്ധതി വിഹിതമായി 44.68 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്. |
| (സി) | കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കെ.എസ്.ആർ.ടി.സി.യെ മെച്ചപ്പെടുത്തുന്നതിനായി നൽകിയ സാമ്പത്തിക സഹായത്തിന്റെ വിശദവിവരങ്ങൾ ലഭ്യമാക്കാമോ? | കെ.എസ്.ആർ.ടി.സിക്കു കഴിഞ്ഞ സർക്കാരിന്റെ കാലത്ത് മേൽ ചേർത്തിട്ടുള്ള പദ്ധതിയിനത്തിലും പദ്ധതിയേതര വിഹിതത്തിനും നൽകിയ സാമ്പത്തിക സഹായത്തിന്റെ സാമ്പത്തികവർഷം തിരിച്ചുള്ള ഏകദേശ കണക്ക് ചുവടെ ചേർക്കുന്നു. |

തുക(കോടിയിൽ)

| സാമ്പത്തിക വർഷം | പദ്ധതി വിഹിതം | പദ്ധതിയേതര വിഹിതം |
|---|---|---|
| 2011-12 | 42 | 140 |
| 2012-13 | 57.07 | 175 |
| 2013-14 | 59 | 425 |
| 2014-15 | 62.85 | 266.42 |
| 2015-16 | 22.12 | 214.4 |
| **ആകെ** | **243.04** | **1220.82** |

ഇത് കൂടാതെ 2011-12 ൽ മന്ത്രിസഭാ യോഗ തീരുമാന പ്രകാരം ഗ്രാന്റ് ഇനത്തിൽ 32 കോടി രൂപയും നൽകിയിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**